**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 344** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പി.എം.ജി.എസ്.വൈ. പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** മട്ടന്നൂർ നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തില്ലങ്കേരി പഞ്ചായത്തിൽ അനുവദിച്ച പാക്കേജ് നമ്പർ കെ.ആർ. 04-112 (കാവുമ്പടി-വെഞ്ഞരിക്കളം-മാമ്പറം-കണ്ണിരുട്ടി-വേങ്ങരച്ചാൽ-പുന്നാട് റോഡ്) പ്രവൃത്തി പുരോഗമിക്കുന്നു. അനുവദിക്കപ്പെട്ട ആകെ 4770 മീറ്ററിൽ 1400 മീറ്റർ ടാറിംഗ് പൂർത്തിയായിട്ടുണ്ട്. കൂടാതെ കലുങ്കുകളുടെയും ഡ്രെയിനേജിന്റേയും നിർമ്മാണവും പൂർത്തിയായിട്ടുള്ളതാണ്.

**(ബി)** മട്ടന്നൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള റോഡുകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന റോഡുകളുടെ Detailed Project Reports (DPRs) തയ്യാറാക്കി നാഷണൽ റൂറൽ ഇൻഫ്രാസ് ട്രക്ചർ ഡവലപ് മെന്റ് ഏജൻസിയുടെ (NRIDA) അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

1. കണ്ടേരിപ്പൊയിൽ- കണിയാങ്കണ്ടി റോഡ്

2. കുടാളി പഞ്ചായത്ത്- മാലക്കാവ് റോഡ്

-3. കോവൂർ മഹാവിഷ്ണു ക്ഷേത്രം - വായനശാല കോവൂർ യു.പി. സ്കൂൾ റോഡ്

4. പുരളിമല - കൈതച്ചാൽ റോഡ്.

**സെക്ഷൻ ഓഫീസർ**